(ബി) 2015-16 വർഷത്തിൽ വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്യുന്നതിനായി 21,37,14,555 രൂപ ആവശ്യമുണ്ട്. 2015-16 വർഷത്തിൽ വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനായി 10 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ നിന്ന് ആദ്യ ഗഡുവായി 3.30 കോടി രൂപ ജില്ലാ ഓഫീസർമാർക്ക് അനുവദിച്ചു നൽകുകയും ആയത് വിതരണം ചെയ്യുവരികയും ചെയ്യുന്നു. 2015-16 വർഷത്തിലേക്ക് കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് 16.94 കോടി രൂപ കൂടി ആവശ്യമുണ്ട്.

(സി) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും മൂന്ന് വർഷം കൂടുമ്പോൾ വിദ്യാഭ്യാസാനുകൂല്യം വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്. ടി ഉത്തരവ് ഫിഷറീസ് വകുപ്പിനും ബാധകമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ പിൻതുടർന്നുവരുന്ന ചട്ടങ്ങളും നിയമങ്ങളും പ്രകാരമാണ് ഫിഷറീസ് വകുപ്പിൽ നിന്നും മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകിവരുന്നത്.

മത്സ്യമാർക്കറ്റുകളുടെ നവീകരണം

161 (165) ശ്രീ. സി. കെ. സദാശിവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിൽ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി എത്ര തുക വകയിരുത്തി ; എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കാമോ ;

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനാണ് ഫണ്ട് അനുവദിച്ചത് ; അവ ഏത് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നു ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഇത്തരത്തിൽ ഫണ്ട് ലഭ്യമാക്കുവാൻ തീരുമാനിച്ച മത്സ്യമാർക്കറ്റുകളുടെ നവീകരണ പദ്ധതികൾക്കെല്ലാം ഭരണാനുമതി നൽകിയോ ; ഇവ ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കിയത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി 100 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ 99.80 ലക്ഷം രൂപ 2012-13 കാലയളവിൽ അംഗീകാരം നൽകിയ 5 മത്സ്യമാർക്കറ്റുകളുടെയും 2012-13 കാലയളവിൽ അംഗീകാരം നൽകിയ 7 മത്സ്യമാർക്കറ്റുകളുടെയും പൂർത്തീകരണത്തിനായി ചെലവഴിച്ചു.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതം അനുവദിച്ച മത്സ്യമാർക്കറ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	മത്സ്യമാർക്കറ്റിന്റെ പേര്	ജില്ല	നിയോജക മണ്ഡലം
1	തൊടുപുഴ	ഇടുക്കി	തൊടുപുഴ
2	ഏറ്റുമാനൂർ	കോട്ടയം	ഏറ്റുമാനൂർ
3	വൈക്കം	കോട്ടയം	വൈക്കം
4	ചങ്ങനാശ്ശേരി	കോട്ടയം	ചങ്ങനാശ്ശേരി
5	മാള	തൃശ്ശൂർ	കൊടുങ്ങല്ലൂർ
6	ഇരിഞ്ഞാലക്കുട	തൃശ്ശൂർ	ഇരിഞ്ഞാലക്കുട
7	കണ്ണൂർ	കണ്ണൂർ	കണ്ണൂർ
8	പള്ളുരുത്തി	എറണാകുളം	തൃപ്പൂണിത്തുറ
9	കൽപ്പറ്റ	വയനാട്	കൽപ്പറ്റ
10	കാസർഗോഡ്	കാസർഗോഡ്	കാസർഗോഡ്
11	തലശ്ശേരി	കണ്ണൂർ	തലശ്ശേരി
12	നിലമ്പൂർ	മലപ്പുറം	നിലമ്പൂർ

(സി) 2011-12, 2012-13 എന്നീ കാലയളവിൽ ഭരണാനുമതി ലഭിച്ചതും നിർമ്മാണ പ്രവർത്തനങ്ങൾ തുടർന്നുവരുന്നതുമായ 12 മത്സ്യമാർക്കറ്റുകളുടെ പൂർത്തീകരണത്തിനാണ് 2014-15 വർഷം വകയിരുത്തിയിരുന്ന തുക വിനിയോഗിച്ചത്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

മത്സ്യത്തൊഴിലാളികൾക്ക് ഉപജീവന സഹായം

162 (166) ശ്രീ. എ. പ്രദീപ്കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മത്സ്യബന്ധനം സാദ്ധ്യമല്ലാത്ത കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് ഉപജീവന സഹായം ലഭ്യമാക്കുന്നതിന് 2014-15 ബഡ്ജറ്റിൽ എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ബഡ്ജറ്റിൽ ഓരോ ജില്ലയ്ക്കും അനുവദിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സഹായത്തിനായി ഓരോ മത്സ്യഗ്രാമത്തിൽനിന്നും എത്ര വീതം അപേക്ഷകർ ഉണ്ടായിരുന്നു ; ഇതിൽ എത്രപേർ സഹായത്തിനർഹത നേടി ; എത്ര പേർക്ക് ധനസഹായം ലഭ്യമായി ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly